പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 434 29/06/2016 -ൽ മറുപടിയ്ക്ക്

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ആശ്രിതനിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. അയിഷാപോറ്റി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ബഹു. ഊർജ്ജവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിതനിയമനം പ്രകാരം നിയമിക്കുന്നതിന് ഏതെല്ലാം തസ്തികകളെയാണ് പരിഗണിക്കുന്നത് ; | എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിത നിയമന പ്രകാരം നിയമിക്കുന്നതിന് കഴകം, തളി,വാച്ചർ, പ്യൂൺ, ക്ളാർക്ക്, മുതലായ തസ്തികകളെയാണ്പരിഗണിക്കുന്നത്. |
| ബി) നിലവിൽ ആശ്രിത നിയമനത്തിനായി എത്ര പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്; അതിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി ; | ബി) നിലവിൽ ആശ്രിത നിയമനത്തിനായി 51 പേർ ഉൾപ്പെട്ടിട്ടുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ നിന്നും 12 പേർക്ക് നിയമനം നൽകിയിട്ടുള്ളതാണ്. |
| സി) ലിസ്റ്റിലെ സീനിയോറിറ്റി മറികടന്ന് ആർക്കെങ്കിലും നിയമനം നൽകിയിട്ടുള്ളതായി അറിയാമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സി) പ്രസ്തുത ലിസ്റ്റിൽ 15-ാം നമ്പർ പേരായി ഉൾപ്പെടുത്തിയിരുന്ന ശ്രീമതി.പി.എസ്.കുമാരിസിന്ധുവിന് 05.04.2011മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നിയമനം നൽകണമെന്ന് **17.02.2016**-ൽ ബോർഡ് ഉത്തരവ് ആയിരുന്നു. പ്രസ്തുതബോർഡ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2012-ൽ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നിയമനം നൽകിയതനുസരിച്ചുള്ള ലിസ്റ്റിൽ ഡെത്ത് സീനിയോറിറ്റി കണക്കാക്കി ടിയാളുടെ പേര് ഉൾപ്പെടുത്തി നിയമനം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ